<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 709</u> <u>06-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ഇലക്ട്രിസിറ്റി ബില്ലിന്റെ ഫിക്സഡ് ചാർജ്ജിൽ ഇളവ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ലോക്ക് ഡൗൺ സമയത്ത് അടഞ്ഞു കിടന്ന സിനിമ തിയേറ്ററുകൾക്ക് ഇലക്ട്രിസിറ്റി ബില്ലിന്റെ ഫിക്സഡ് ചാർജ്ജിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ഉണ്ട്. സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, 28.01.2021-ലെ സംസ്ഥാന സർക്കാർ ഉത്തരവുപ്രകാരം, സിനിമ തീയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ, 01.06.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020-ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. രണ്ട് ഗവൺമെന്റ് ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്.<br><br>കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ 28.06.2021-ലെ ഉത്തരവ് പ്രകാരം, വാണിജ്യ വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മെയ് 2021-ലെ ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും, സിനിമാ തീയേറ്ററുകൾക്ക് ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും, ബാക്കിയുള്ള തുക പലിശരഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30.09.2021 വരെ സാവകാശവും നൽകിയിരുന്നു. ഇതിൻ |

| | | | |
|---|---|---|---|
| | | | പ്രകാരം സിനിമാ തീയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെ ഇളവാണ് നൽകിയിട്ടുള്ളത്.<br><br>കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ 22.12.2021-ലെ ഉത്തരവ് പ്രകാരം, സിനിമാ തീയേറ്ററുകൾക്ക് അവരുടെ 06/2021 മുതൽ 10/2021 വരെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും, ബാക്കിയുള്ള തുക പലിശ രഹിതമായി ആറ് തവണകളായി അടയ്ക്കുന്നതിന് സാവകാശവും നൽകിയിരുന്നു. ഇതിൻപ്രകാരം സിനിമാ തീയേറ്ററുകൾക്ക് 1.92 കോടി രൂപയുടെ ഇളവാണ് നൽകിയിട്ടുള്ളത്. |
| (ബി) | ഇടത്തരം മാളുകളിൽ പ്രവർത്തിക്കുന്ന സിനിമ തീയേറ്ററുകൾക്കും ഇത് ബാധകമാണോ; വ്യക്തമാക്കുമോ; | (ബി) | എല്ലാ തീയറ്ററുകൾക്കും ഇത് ബാധകമാക്കിയിരുന്നു. ഇടത്തരം മാളുകളിൽ പ്രവർത്തിക്കുന്ന സിനിമാ തീയേറ്ററുകൾക്ക് പ്രത്യേക കണക്ഷൻ എടുത്തിട്ടുണ്ടെങ്കിൽ ടി ഇളവുകൾ നൽകിയിട്ടുണ്ട്. |
| (സി) | സിനിമ തിയേറ്ററുകൾ പ്രവർത്തിക്കുന്ന മാളുകൾക്ക് ഇലക്ട്രിസിറ്റി ബില്ലിന്റെ ഫിക്സഡ് ചാർജ്ജിൽ 50% ഇളവ് അനുവദിക്കുമോ; വിശദമാക്കുമോ; | (സി) | സിനിമ തീയറ്ററുകൾ പ്രവർത്തിക്കുന്ന മാളുകൾക്ക് ഈ തരത്തിലുള്ള ഇളവ് ഇതുവരെ അനുവദിച്ചിട്ടില്ല. മാളുകളെ വാണിജ്യ താരിഫിൽ ബിൽ ചെയ്യുന്നതിനാൽ വാണിജ്യ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഫിക്സഡ് ചാർജിൽ നൽകിയ 25% ഇളവ് നാലു മാസത്തേക്ക് നൽകിയിരുന്നു. |
| (ഡി) | ഇടത്തരം ഷോപ്പിംഗ് മാളുകളിലെ ഇലക്ട്രിക് ബിൽ കുടിശ്ശികയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; കോവിഡ് കാരണം അടഞ്ഞു കിടന്ന സമയത്തെ ബിൽ കുടിശ്ശികയ്ക്ക് പലിശ ഇളവ് നൽകുമോ; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും 30 ദിവസത്തേക്ക് 12% പലിശയും അതിനു മുകളിൽ ഉള്ള കാലയളവിലേക്ക് 18% പലിശയുമാണ് സപ്ലൈകോഡിലെ വ്യവസ്ഥകൾ പ്രകാരം ഇലക്ട്രിസിറ്റി ബിൽ കുടിശ്ശികയ്ക്ക് ഈടാക്കി വരുന്നത്. പലിശ ഇളവിൽ തീരുമാനമെടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. |

സെക്ഷൻ ഓഫീസർ